entri

# Current affairs 23 Apr 2026

**ലോക പുസ്തകദിനം**

ഏപ്രിൽ 23

- വായന, പ്രസിദ്ധീകരണം, പകർപ്പവകാശം എന്നിവയെ പ്രോത്സാഹിപ്പിക്കാൻ യുനെസ്കോയാണ് (യുണൈറ്റഡ് നേഷൻസ് എജുക്കേഷണൽ, സയന്റിഫിക് ആൻഡ് കൾച്ചറൽ ഓർഗനൈസേഷൻ) 1995 ഏപ്രിൽ 23-ന് ലോക പുസ്തകദിനാചരണത്തിന് ആഹ്വാനംചെയ്തത്. അന്നുമുതൽ ഏപ്രിൽ 23-ന് ലോക പുസ്തകദിനമായി ആചരിക്കുന്നു.

---

**2026-ലെ ലോക പുസ്തക തലസ്ഥാനമായി യുനെസ്കോ തിരഞ്ഞെടുത്ത നഗരം**

റബാത്ത്, മൊറോക്കോ

---

**സർക്കാർ ആശുപത്രികളിൽ ശസ്ത്രക്രിയാ പിഴവുകൾ ഒഴിവാക്കുന്നതിനായി 2026 ഏപ്രിലിൽ പുതിയ സർജിക്കൽ സേഫ്റ്റി പ്രോട്ടോക്കോൾ പുറത്തിറക്കിയ സംസ്ഥാനം**

കേരളം

- ലോകാരോഗ്യ സംഘടനയുടെ (WHO) മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് മാർഗനിർദേശങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

---

**R-37M മിസൈൽ വികസിപ്പിച്ച രാജ്യം**

റഷ്യ

- വളരെ ദൂരെയുള്ള ലക്ഷ്യങ്ങളെ തകർക്കാൻ ശേഷിയുള്ള റഷ്യൻ നിർമ്മിത അതീവ ദീർഘദൂര എയർ-ടു-എയർ മിസൈലാണ് R-37M.

---

**ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ, വ്യാജ നോട്ടീസുകൾ എന്നിവയിൽ നിന്ന് പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനായി സി.ബി.ഐ പുറത്തിറക്കിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത (എഐ) ചാറ്റ്ബോട്ട്**

അഭയ്







ABHAY

4.8 ★ Download the app now | Learn in Malayalam